Kerala State Council for
Science, Technology and Environment
KSCSTE

നം:KSCSTE/539/2026-KSP 21.08.2026

പ്രസിദ്ധീകരണാർത്ഥം എല്ലാ എഡിഷനുകളിലും

**'കേരള ശാസ്ത്ര പുരസ്കാര'ത്തിന് നാമനിർദേശങ്ങൾ ക്ഷണിക്കുന്നു**

ശാസ്ത്ര സാങ്കേതിക രംഗത്തെ മികച്ച സംഭാവനകളെ അടിസ്ഥാനമാക്കി പ്രഗൽഭരായ ശാസ്ത്രജ്ഞർക്ക് പ്രോത്സാഹനം നൽകുന്നതിനായി ശാസ്ത്ര സാങ്കേതിക വകുപ്പും കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും ആവിഷ്കരിച്ച ഏറ്റവും വലിയ അംഗീകാരമാണ് കേരള ശാസ്ത്ര പുരസ്കാരം. കേരളത്തിൽ ജനിച്ച ലോകത്തിന്റെ വിവിധഭാഗങ്ങളിൽ സേവനമനുഷ്ഠിക്കുന്ന ശാസ്ത്ര സാങ്കേതിക വിദഗ്ധർക്കാണ് ഈ അവാർഡ് നൽകുന്നത്. ശാസ്ത്രജ്ഞരുടെ ആജീവനാന്ത നേട്ടങ്ങളും സംഭാവനകളുമാണ് ഈ അവാർഡിന് ആധാരമായി പരിഗണിക്കുന്നത്. രണ്ട് ലക്ഷം രൂപയുടെ ക്യാഷ് പ്രൈസും, പ്രശസ്തിപത്രവും ഫലകവും അടങ്ങിയതാണ് കേരള ശാസ്ത്ര പുരസ്കാരം. ദേശീയ ശാസ്ത്ര അക്കാദമികളിലെ അംഗങ്ങൾ, സർവകലാശാലാ വൈസ് ചാൻസലർമാർ, ദേശീയ ശാസ്ത്ര സ്ഥാപനങ്ങളുടെയും കേന്ദ്രങ്ങളുടെയും ഡയറക്ടർമാർ/മേധാവികൾ, ദേശീയ അല്ലെങ്കിൽ അന്തർദേശീയ തലത്തിൽ പ്രശസ്തരായ ശാസ്ത്രജ്ഞർ കൂടാതെ കേരള ശാസ്ത്ര പുരസ്കാരം മുൻപ് ലഭിച്ചവർ എന്നിവർക്ക് ശാസ്ത്ര സാങ്കേതിക മേഖലയ്ക്ക് മികച്ചതും സുസ്ഥിരവുമായ സംഭാവനകൾ നൽകിയ കേരള വംശജരായ പ്രമുഖ ശാസ്ത്രജ്ഞരെ നാമനിർദ്ദേശം ചെയ്യാവുന്നതാണ് .

2025-ലെ 'കേരള ശാസ്ത്ര പുരസ്കാര'ത്തിന് നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള ഫാറം, നിബന്ധനകൾ എന്നിവ <u>www.kscste.kerala.gov.in</u> എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. നിർദ്ദിഷ്ട ഫാറത്തിൽ തയ്യാറാക്കിയ നാമനിർദ്ദേശങ്ങൾ അയക്കേണ്ട വിലാസം :- എക്സിക്യൂട്ടീവ് വൈസ് പ്രസിഡൻറ്, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ശാസ്ത്രഭവൻ, പട്ടം, തിരുവനന്തപുരം-695004

Email id: keralasasthrapuraskaram2025@gmail.com

നാമനിർദ്ദേശങ്ങൾ ലഭിക്കേണ്ട അവസാന തീയതി **2026 സെപ്റ്റംബർ 30.**

**ഡോ. പി ഹരിനാരായണൻ**
**മെമ്പർ സെക്രട്ടറി**

Sasthra Bhavan, Pattom P.O., Thiruvananthapuram - 695 004, Kerala State, India
Tel : 0471 - 2548200-09, EVP - 2543557, 2548222, MS - 2534605, 2548220, CoA - 2543556, 2548248
Fax : 0471 - 2540085, 2534605 e-mail : kscste@gmail.com, www.kscste.kerala.gov.in